കേരള എക്സൈസ് വകുപ്പ്
"മാതൃഭാഷ-മലയാളം"

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 05-08-2026
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

സർക്കുലർ നം.1-I/605268/2026

വിഷയം: എക്സൈസ് ഉദ്യോഗസ്ഥർ സോഷ്യൽ മീഡിയ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

എക്സൈസ് ഉദ്യോഗസ്ഥർ സോഷ്യൽ മീഡിയ ഉപയോഗിക്കുമ്പോൾ ചുവടെ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. എൻഫോഴ്സ്മെന്റ് സംബന്ധമായ രഹസ്യ സ്വഭാവമുള്ള രേഖകൾ, പകർപ്പുകൾ എന്നിവ എക്സൈസ് ഉദ്യോഗസ്ഥർ ഷൂട്ട് ചെയ്ത് സോഷ്യൽ മീഡിയ അക്കൗണ്ട്കളിലോ, ഫാൻ പേജ് ഗ്രൂപ്പ് കളിലോ പ്രദർശിപ്പിക്കുവാൻ പാടില്ല.
2. എക്സൈസിന്റെ ഒഫിഷ്യൽ പേജിലുള്ള കണ്ടെന്റുകൾ മാത്രം ഷെയർ ചെയ്യുക.
3. എക്സൈസ് ഉദ്യോഗസ്ഥർ അഡ്മിൻ ആയ ഫാൻ പേജുകളിൽ എക്സൈസ് വകുപ്പിനോ സർക്കാരിനോ എതിരായ പോസ്റ്റുകൾ വരുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. പ്രോസിക്യൂഷനെ ബാധിക്കുന്ന രീതിയിലുള്ള സെൻസിറ്റീവായ രംഗങ്ങളൊന്നും ചിത്രീകരിക്കുന്ന വിഡിയോകളിൽ ഉൾപ്പെടാൻ പാടില്ല.
5. സാക്ഷികളുടെ വിവരങ്ങൾ, പ്രതിയടക്കമുള്ള വ്യക്തികളുടെ പ്രത്യേകിച്ച് വനിതകൾ കുട്ടികൾ എന്നിവരുടെ സ്വകാര്യത ഹനിക്കുന്ന രീതിയിലുള്ള ദൃശ്യങ്ങൾ എന്നിവ വിഡിയോയിൽ പകർത്താൻ പാടുള്ളതല്ല.
6. വകുപ്പിന്റെ / സർക്കാരിന്റെ അന്തസ്സിന് നിരക്കാത്തതും സഭ്യമല്ലാത്തതുമായ സമൂഹ മാധ്യമങ്ങളിൽ വരുന്ന കണ്ടന്റുകൾ അച്ചടക്കമുള്ള സേനാംഗം എന്ന നിലയിൽ ലൈക് , ഷെയർ, കമന്റ് ചെയ്യാൻ പാടില്ല.
7. സോഷ്യൽ മീഡിയക്ക് വേണ്ടിയും BNSS ആക്ട് പ്രകാരം നീയമാനുസൃതമായി ഷൂട്ട് ചെയ്യുന്നതുമായ വിഡിയോകൾ പ്രത്യേകം പ്രത്യേകമായി ചിത്രീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

Sabari

SEERAM SAMBASIVA RAO IAS
എക്സൈസ് കമ്മീഷണർ